പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1433 **16-10-2026-ൽ മറുപടിയ്ക്ക്**

കാർഷിക മേഖലയിലെ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രസർക്കാരും കേരളസർക്കാരും നടപ്പിലാക്കുന്ന പദ്ധതികളുടെ പേര്, ഉദ്ദേശ്യം, നിർവഹണ ഏജൻസി എന്നിവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

മറുപടി: കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാരും കേരള സർക്കാരും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) പദ്ധതിയിൽ ഉൾപ്പെടുത്തി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്നും എത്ര തുക ചെലവഴിച്ചുവെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

മറുപടി: കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു.

(സി) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ പുഞ്ചപ്പാടത്ത് രാമഞ്ചിറ തോടിൽ തടയണ നിർമ്മിക്കുന്നതും മണ്ണ് നീക്കുന്നതും ഉൾപ്പെടെയുള്ള പ്രവൃർത്തികൾ നടത്തണമെന്നുള്ള നിർദേശത്തിൻമേൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

മറുപടി: വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ രാമഞ്ചിറതോട് നവീകരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് (LSGD) എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ 1,28,60,000/- രൂപ അടങ്കൽ തുക വരുന്ന പദ്ധതികളുടെ ഡി.പി.ആർ. (DPR) മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന കൃഷി ഡയറക്ടറേറ്റിൽ സമർപ്പിച്ചുവെങ്കിലും അത് RKVY മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ, RKVY മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിഷ്കരിച്ച ഡി.പി.ആർ. സമർപ്പിക്കുവാൻ കൃഷി ഡയറക്ടർ മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ പുഞ്ചപ്പാടത്ത് രാമഞ്ചിറ തോടിൽ തടയണ നിർമ്മിക്കുന്നതും മണ്ണ് നീക്കുന്നതും ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 30 കോടി രൂപ അടങ്കൽ തുക വരുന്ന ഒരു പ്രൊപ്പോസൽ ആർ.ഐ.ഡി.എഫ്. XXXII സ്കീമിന്റെ പരിഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി കെ.എൽ.ഡി.സി. സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. നബാർഡ് ആർ.ഐ.ഡി.എഫ്. ടാബ്ലെ XXXII സ്കീമിൽ ഉൾപ്പെടുത്തേണ്ട പദ്ധതികൾ ഏതൊക്കെയാണെന്ന് സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

(ഡി) പഴം, പച്ചക്കറി ഉൾപ്പെടെയുള്ള പ്രാദേശിക കാർഷിക വിളകളെ കയറ്റി അയക്കുന്നതിനും സ്വദേശ വിപണിയിൽ സജീവമാക്കുന്നതിനും നിലവിൽ എന്തൊക്കെ പദ്ധതികളാണുള്ളതെന്നും പുതിയ പദ്ധതികൾ ആരംഭിക്കുമോയെന്നും വ്യക്തമാക്കുമോ;

മറുപടി: കയറ്റുമതിയുടെ സംസ്ഥാന നോഡൽ ഏജൻസി കൂടിയായ വി.എഫ്.പി.സി.കെ. മുഖേന പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 100 മെട്രിക് ടണ്ണോളം ഗുണമേന്മയുള്ള പഴം-പച്ചക്കറികൾ വിവിധ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയക്കുവാൻ സാധിച്ചു. വാഴക്കുളം പൈനാപ്പിൾ സീ-ഷിപ്പ്മെന്റ് പ്രോട്ടോകോൾ വികസനത്തിന്റെ ഭാഗമായി കേരള കാർഷിക സർവ്വകലാശാലയുമായി സംയോജിച്ച് സ്റ്റാറ്റിക് ടയൽ പൂർത്തിയാക്കി. കയറ്റുമതി മൂല്യമുള്ള നേന്ത്രൻ വാഴകൃഷി, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗ വിളകൾ, പൈനാപ്പിൾ എന്നിവയുടെ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുകയും വാഴക്കുലകളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനായി ബഞ്ച് കവറുകളുടെ ഉപയോഗം വ്യാപിപ്പിക്കുവാനും സാധിച്ചു. ജില്ലകളിൽ കയറ്റുമതി സംബന്ധിച്ച് കർഷകർക്കും കച്ചവടക്കാർക്കും അവബോധം നൽകുന്നതിനും, APEDA മുതലായ ഏജൻസികളുടെ സഹായത്തോടെ സഹകരണം ഉറപ്പാക്കുന്നതിനും ശ്രമിച്ചു വരുന്നു.

(ഇ) കാർഷിക വിളകളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വിപണനം ചെയ്യുന്നതിനും കർഷകരെ സഹായിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

മറുപടി: കൃഷിവകുപ്പിന് കീഴിൽ രൂപീകൃതമായ കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർധനയ്ക്കും സംസ്കരണത്തിനും ഊന്നൽ നൽകുന്നതിനായി അഗ്രി പാർക്കുകൾ, ഫ്രൂട്ട് പാർക്കുകൾ എന്നിവ സ്ഥാപിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി അപ്പക്സ് ബോഡിയായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾക്ക് വിശാലമായ വിപണി ഉറപ്പാക്കുന്നത്തിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ (42), ഇക്കോ ഷോപ്പുകൾ (521), എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ (287), ആഴ്ച ചന്തകൾ (979), നഗര വഴിയോരച്ചന്തകൾ-ഗ്രാമച്ചന്തകൾ (60), പ്രീമിയം ഔട്ട് ലെറ്റുകൾ (14), കേരള ഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ (15) തുടങ്ങിയവ ഉൾപ്പെടുന്ന 1924 മാർക്കറ്റുകളുടെ വിപുലമായ ശൃംഖല പ്രവർത്തന സജ്ജമാക്കുകയും, ഉൽപ്പാദന കേന്ദ്രങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനും, ഉൽപ്പന്നങ്ങൾ ദുർലഭമായ നഗര കേന്ദ്രങ്ങൾ ഉൾപ്പടെയുള്ള പ്രദേശങ്ങളിലെ ഗുണഭോക്താക്കൾക്ക് മിതമായ നിരക്കിൽ വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. "Keralagro" എന്ന പേരിൽ ട്രേഡ് മാർക്ക് രജിസ്റ്റർ ചെയ്ത് ഉത്പന്നങ്ങൾക്ക് "കേരളഗ്രോ" ബ്രാന്റ് നൽകി സംസ്ഥാനത്തെ കർഷകർ, കർഷക സംരഭകർ,

കൃഷിക്കൂട്ടങ്ങൾ, FPO-കൾ, FPC-കൾ മറ്റ് കർഷക കൂട്ടായ്മകൾ, കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകൾ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള മൂല്യവർധിത ഉത്പന്നങ്ങൾക്ക് രാജ്യവ്യാപകമായി വിപണി കണ്ടെത്തുന്നു. നിലവിൽ 197 ഉത്പാദകരുടെ 1800 ഉൽപ്പന്നങ്ങൾ കേരളാഗ്രോ ബ്രാൻഡിൽ വിപണിയിൽ ലഭ്യമാണ്. കൂടാതെ കേരളാഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ സൂപ്പർ മാർക്കറ്റുകൾ, മില്ലറ്റ് കഫേ എന്നിവ വഴി കൃഷിക്കാരും എഫ്.പി.ഒ-കൾ, എഫ്.പി.സി-കൾ, PACS, മറ്റ കർഷക ഗ്രൂപ്പുകൾ എന്നിവർ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉൾപ്പടെയുള്ള കാർഷിക വിഭവങ്ങൾ ന്യായമായ വിലയ്ക്ക് ജനങ്ങളിൽ എത്തിക്കാൻ കൃഷി വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു. കാർഷിക മേഖലയിൽ മൂല്യവർധിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി KIIFB സാമ്പത്തിക സഹായത്തോടെ 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി നടത്തിപ്പിനായി KABCO-യെ Special Purpose Vehicle ആയി (SPV) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2026 മാർച്ചിൽ അഗ്രോ പാർക്കുകൾക്കാവശ്യമായ ഭൂമി KABCO-യ്ക്ക് ലീസിന് അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

കാർഷികോത്പന്നങ്ങളിൽ നിന്ന് മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (SFAC) മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയുടെ ഭാഗമായി രൂപീകൃതമായ കൃഷിക്കൂട്ടങ്ങൾ മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിച്ച് വിപണനം നടത്തിവരുന്നുണ്ട്. "ഒരു കൃഷി ഭവൻ ഒരു ഉൽപ്പന്നം" എന്ന ലക്ഷ്യമാണ് കൈവരിക്കാൻ ഉദ്യേശിക്കുന്നത്. കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പുവരുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 100 കർഷക ഉൽപാദക സംഘടനകൾ (FPO-കൾ) രൂപീകരിച്ചിട്ടുണ്ട്. RKVY പദ്ധതി പ്രകാരം 50 FPO-കൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതി പ്രകാരവും FPO-കൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF) പദ്ധതി മുഖേന ശീതീകരണ സംഭരണികൾ (75 എണ്ണം), സംഭരണ കേന്ദ്രങ്ങൾ (173 എണ്ണം), സംസ്കരണ യൂണിറ്റുകൾ (2208എണ്ണം) തുടങ്ങിയ കാർഷിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ധനസഹായം നൽകിവരുന്നു. ഇതിലൂടെ വിളവെടുപ്പിന് ശേഷമുള്ള നഷ്ടം കുറയ്ക്കുന്നതിനും കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർധനവ് ഉറപ്പാക്കുന്നതിനും സഹായകമാകുന്നു. കാർഷിക ഉത്പന്നങ്ങൾ ഉണക്കി സൂക്ഷിക്കുന്നതിനും മൂല്യവർധിത ഉത്പന്നങ്ങൾ തയ്യാറാക്കുന്നതിനും 222 സാങ്കേതിക വിദ്യകളും ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങളും കേരള കാർഷിക സർവകലാശാലയുടെ അഗ്രി ബിസിനസ് ഇൻകുബേഷൻ സെന്ററിൽ നിന്ന് നൽകിവരുന്നുണ്ട്. കാർഷിക ഉത്പന്നങ്ങൾക്ക് അനുയോജ്യമായ പാക്കിങ്ങും വിപണനസംവിധാനവും ഒരുക്കുന്നതിന്റെ ഭാഗമായി മുംബൈയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങും സംസ്ഥാന കൃഷി വകുപ്പും തമ്മിൽ ധാരണാപത്രം ഒപ്പിടുകയും അതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്കും, കർഷകർക്കും, FPO-കൾക്കും കർഷകഗ്രൂപ്പുകൾക്കും, കൃഷിക്കൂട്ടങ്ങൾക്കും പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) പദ്ധതിയിലുൾപ്പെടുത്തി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ) യുടെ കീഴിൽ 7 പ്രൈമറി പ്രോസസിംഗ് സെൻററുകൾ പ്രവർത്തിച്ചുവരുന്നു. ഇവിടെ നിന്നും പ്രാഥമിക സംസ്കരണം കഴിഞ്ഞ ഉത്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിപണനം ചെയ്തുവരുന്നു. കൂടാതെ ആതിരപ്പള്ളിയിൽ അട്ടപ്പാടി ട്രൈബൽ ഫാർമേഴ്സ് അസോസിയേഷൻ ഫോർ മില്ലറ്റ്സ് അറ്റ് ഫാം (ATFAM)-ന്റെ നേതൃത്വത്തിൽ അട്ടപ്പാടിയിലും ചെറുധാന്യങ്ങളുടെ സംസ്കരണശാല (Common Processing Center) പ്രവർത്തിച്ചുവരുന്നു. പോസ്റ്റ് ഹാർവസ്റ്റ് ആൻറ് വാല്യു അഡിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി

ചേർത്തല തെക്ക് പഞ്ചായത്തിൽ ചെറുധാന്യങ്ങളുടെ ഒരു കോമൺ പ്രോസസ്സിംഗ് സെൻറർ (Common Processing Center) പ്രവർത്തിച്ചുവരുന്നു. ചെറുധാന്യങ്ങളുടെ സംസ്കരണം, മൂല്യവർധന പ്രവർത്തനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് കൂടുതൽ വരുമാന സാധ്യതകൾ സൃഷ്ടിക്കുന്നതിനും പദ്ധതി സഹായകരമാകും.

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പന്നങ്ങൾ മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിന് ഹോർട്ടികോർപ്പിന് കീഴിൽ മൂന്നാറിൽ ഒരു സ്പോബറി പ്രോസസിംഗ് യൂണീറ്റ്, ആനയറയിൽ ചിപ്സ് യൂണിറ്റ്, കട്ട് വെജിറ്റബിൾ യൂണിറ്റ് എന്നിവ പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ മാവേലിക്കരയിൽ തേൻ അധിഷ്ഠിത മൂല്യവർധിത ഉത്പന്നങ്ങൾക്കായി ഹണിപ്രോസസിംഗ് സെന്ററും പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിൽ സംസ്ഥാനത്തെ കർഷകർ, കർഷക സംരഭകർ കൃഷിക്കൂട്ടങ്ങൾ, കർഷക ഉത്പാദക സംഘടനകൾ (എഫ്.പി.ഒ), കർഷക ഉത്പാദക കമ്പിനികൾ (എഫ്.പി.സി) മറ്റ് കർഷക കൂട്ടായ്മകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർ ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള മൂല്യവർധിത ഉത്പന്നങ്ങൾ നിലവിൽ കൃഷി വകുപ്പിന്റേയും ഹോർട്ടികോർപ്പിന്റേയും വി.എഫ്.പി.സി.കെ-യുടേയും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടേയും നിയന്ത്രണത്തിലുള്ള ഔട്ട് ലെറ്റുകൾ വഴി വിപണനം നടത്തുന്നതിലൂടെ കാർഷികോത്പന്നങ്ങൾക്ക് കൂടുതൽ വിപണി സാധ്യത ഉറപ്പാക്കാൻ സാധിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം – I

കേരളത്തിലെ കാർഷിക മേഖലയുടെ സമഗ്രവികസനം, ഉൽപ്പാദനക്ഷമത വർധന, കർഷകരുടെ വരുമാന മെച്ചപ്പെടുത്തൽ എന്നിവ ലക്ഷ്യമിട്ട് സംസ്ഥാന പദ്ധതികളിലൂടെയും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും വിവിധ കാർഷിക അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പാടശേഖരങ്ങൾ, കോൾ മേഖല, കുട്ടനാട്, കൃഷി വകുപ്പിന്റെ ഫാമുകൾ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി RIDF, RKI തുടങ്ങിയ സംസ്ഥാന പദ്ധതികളും ജലസേചനം, കാർഷിക യന്ത്രവൽക്കരണം, വിളവെടുപ്പാനന്തര പരിപാലനം, സംഭരണം, മൂല്യവർധന, വിപണനം എന്നിവയ്ക്കാവശ്യമായ സൗകര്യങ്ങൾ RKVY-DPR, MIDH, PMKSY-PDMC, SMAM തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളും പ്രയോജനപ്പെടുത്തുന്നു.

I. സംസ്ഥാന പദ്ധതികൾ

1. റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (RIDF)

പാടശേഖരങ്ങൾ, കൃഷി വകുപ്പിന്റെ ഫാമുകൾ, ടിഷ്യു കൾച്ചർ ലബോറട്ടറികൾ, കൃഷി വകുപ്പിന്റെ വിവിധ ഓഫീസുകൾ, വെയർഹൗസുകൾ/ഗോഡൗണുകൾ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

നിർവഹണ ഏജൻസികൾ: കൃഷി വകുപ്പിന്റെ കാർഷിക എൻജിനീയറിങ് വിഭാഗം, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KLDC)., കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ.

2. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI)

കോൾ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, പാടശേഖരങ്ങളിലെ അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, ബയോകൺട്രോൾ ലബോറട്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം എന്നിവയാണ് പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ.

നിർവഹണ ഏജൻസികൾ: കൃഷി വകുപ്പിന്റെ കാർഷിക എൻജിനീയറിങ് വിഭാഗം, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KLDC), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (KSEB), കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO).

3. കുട്ടനാട്ടിലെ കാർഷിക വികസനം (Development of Agriculture in Kuttanad)

കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനും പാടശേഖരങ്ങളിലെയും അനുബന്ധ മേഖലകളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

നിർവഹണ ഏജൻസികൾ: കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KLDC), കൃഷി വകുപ്പിന്റെ കാർഷിക എൻജിനീയറിങ് വിഭാഗം.

4. കൃഷി വകുപ്പിന്റെ ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം (Infrastructure Development of Farms)

കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആധുനിക കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നു.

നിർവഹണ ഏജൻസികൾ: കൃഷി വകുപ്പിന്റെ കാർഷിക എൻജിനീയറിങ് വിഭാഗം, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KLDC), നിർമ്മിതി കേന്ദ്രം.

II. കേന്ദ്രാവിഷ്കൃത പദ്ധതികൾ

സംസ്ഥാന പദ്ധതികൾക്കു പുറമേ, കാർഷിക അടിസ്ഥാന സൗകര്യ വികസനം ശക്തിപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കിവരുന്നു.

1. രാഷ്ട്രീയ കൃഷി വികാസ് യോജന – ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (RKVY-DPR)

കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, വിളവെടുപ്പിന് മുമ്പും ശേഷവുമുള്ള സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, കാർഷിക സംരംഭകത്വത്തിന്റെ പ്രോത്സാഹനം എന്നിവയ്ക്ക് പദ്ധതി പിന്തുണ നൽകുന്നു. സംസ്ഥാനത്തിന്റെ കാർഷിക വികസന മുൻഗണനകൾക്ക് അനുസൃതമായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു. കൃഷി വകുപ്പ് നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന പദ്ധതിയിൽ, വകുപ്പിന്റെ എൻജിനീയറിങ് വിഭാഗം ഉൾപ്പെടെ KLDC, SHM, KAICO, KAMCO, KAU, VFPCK, VAFPCL, IRTCBSF തുടങ്ങിയ ഏജൻസികൾ മുഖേനയാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. കൂടാതെ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പും RKVY പദ്ധതി നടപ്പിലാക്കിവരുന്നു. ഓരോ ഏജൻസിയും അവരവരുടെ പദ്ധതികൾ പ്രത്യേകം

തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുകയും, നിശ്ചിത നടപടിക്രമങ്ങൾ പ്രകാരം അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അവ നടപ്പിലാക്കുകയും ചെയ്യുന്നു.

2. സംയോജിത ഹോർട്ടികൾച്ചർ വികസന ദൗത്യം (MIDH)

പഴം, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ തോട്ടവിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിക്കുന്നതിനായി നഴ്സറികൾ, പോളിഹൗസുകൾ, പാക്ക് ഹൗസുകൾ, ശീതീകരണ സംവിധാനങ്ങൾ, സംഭരണ സൗകര്യങ്ങൾ എന്നിവയുടെ വികസനത്തിന് ധനസഹായം നൽകുന്നു.

3. പെർ ഡ്രോപ്പ് മോർ ക്രോപ്പ് (PDMC)

ഡ്രിപ്പ്, സ്പ്രിംഗ്ലർ തുടങ്ങിയ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗം ഉറപ്പാക്കുന്നതിനും ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതി സഹായിക്കുന്നു.

4. സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM)

കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക, കർഷകർക്ക് കാർഷിക യന്ത്രങ്ങളുടെ ലഭ്യത വർധിപ്പിക്കുക, കസ്റ്റം ഹയറിങ് സെന്ററുകൾ, കാർഷിക യന്ത്രസേവന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുക തുടങ്ങിയവയ്ക്ക് പദ്ധതി സാമ്പത്തിക സഹായം നൽകുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം – II

കഴിഞ്ഞ സർക്കാരിന്റെ അഞ്ചുവർഷത്തെ കാലയളവിൽ RKVY-DPR പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ (24021.75 ലക്ഷം രൂപ) ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ജില്ല	അനുവദിച്ച തുക (ലക്ഷത്തിൽ)	നിർവഹണ ഏജൻസി
1	Comprehensive Development Programme of SVF Vandipperiyar – KE/RKVY-HORT/2017/1301	Idukki	₹91.50000	ADFW
2	Infrastructure Development works in SSF, Veeyapuram, Alappuzha – KE/RKVY-CROP/2018/13	Alappuzha	₹14.67000	ADFW
3	Infrastructure Development works in Vanam South padasekharam, Thalayazham Grama panchayath, Kottayam – KE/RKVY-CROP/2018/1354	Kottayam	₹126.57000	ADFW
4	Comprehensive development of DAF Neriyamangalam – KE/RKVY-CROP/2019/1390	Ernakulam	₹140.20578	ADFW
5	Integrated Development of O & V Farm Nelliampathy – KE/RKVY-IRRI/2020/1426	Palakkad	₹64.31000	ADFW
6	Fallow land cultivation of essential food crops for strengthening local food security and supply chain – KE/RKVY-CROP/2020/1425	14 districts	₹380.48326	ADFW
7	Installation of piped conveyance system for irrigation in paddy at Madakathara panchayat, Ollukara block, Thrissur	Thrissur	₹7.50000	ADFW
8	Construction of Paddy Seed Godown with drying yard by Kollamkode Nenmeni Padashekhara samithy, Palakkad. KE/RKVY- AMEC/2023/1520	Palakkad	₹101.03942	ADFW

9	Project for the formation of 50 new FPOs in Kerala - KE/RKVY/2019/1413	14 districts	₹1,301.94691	SFAC
10	Haritham Harippad - Infrastructure development of various padasekharams in Cheruthana Alappuzha district - KE/RKVY-CROP/2019/1414	Alappuzha	₹70.00000	ADFW
11	Modernization of production potential of Biotechnology & Model Floriculture Centre, Kazhakuttom - KE/RKVY-NONF/2014/1103	Thiruvananthapuram	₹195.27976	ADFW
12	Productivity improvement of paddy through group farming in Kerala KE/RKVY-CROP/2021/1434	14 districts	₹1,389.70000	ADFW
13	Infrastructure works for Valiya kolla padashekharam - krishi bhavan Pandalam - Konnaloor KE/RKVY-CROP/2021/1435	Pathanamthitta	₹64.70000	ADFW
14	Comprihensive development of ISD farm Eruthanpathi KE/RKVY-CROP/2021/1436	Palakkad	₹121.50000	ADFW
15	Infrastructure development of selected departmental farms KE/RKVY-CROP/2021/1437	Ernakulam,Alapuzha,Kozhikode,Thrissur, Palakkad ,Malappuram	₹255.70000	ADFW
16	Comprehensive Development of isd Farm Eruthenpathy	Palakkad	₹165.81312	ADFW
17	Infrastructure development of Maduraveli Padashekharam - Thekkemanakari Harijan A&B Block-Viruthikari Padashekharam- Kottayam KE/RKVY/NRM/2018/1358	Kottayam	₹138.34000	ADFW
18	Supply and installation of Energy Efficient water lifting devices for dewatering Thrissur, Ponnani Kole area KE/RKVY-CROP/2019/1389	Thrissur	₹165.60074	ADFW
19	Improving infrastructure in Chittattuvayal padasekharam of Puliyoorpanchayat,AlappuzhaKE/RKVY-IRRI/2016/1228	Alappuzha	₹32.46000	ADFW

20	Infrastructure Developemnt in Rani Chithira Kayal in Kainakkari panchayat–ALAPPUZHA DIST –Supply and Installation of VAF Pump Sets KE/RKVY–IRRI/2016/1229	Alappuzha	₹216.27000	ADFW
21	Infrastructure Development works at Meenachilar – Meen thalayar watershed area–Paddy rejuvenation programme in Kottayam district KE/RKVY–CROP/2018/1359	Kottayam	₹11.00000	ADFW
22	Construction of Model Plant Health clinic ,Farmerstraining Centre and Kissan Call Cente at Krishibhavan,Thanniyam KE/RKVY–EXTN/2019/1412	Thrissur	₹43.00000	ADFW
23	Strengthening of Agro Service centre for doubling farmers income through diversified activities in Payyannur block, Kannur KE/RKVY–AMEC/2022/1463	Kannur	₹55.17125	ADFW
24	Establishment of Coconut Oil and related products production unit by VettakkalKarshika Bank Agro service Centre, Vettakkal, Alappuzha KE/RKVY–AMEC/2022/1465	Alappuzha	₹32.98000	ADFW
25	DPR for Primary Processing infrastructure and creation of e–commerce facility for FPO, Madakkathara KE/RKVY–MRKT/2022/1466	Thrissur	₹12.50000	ADFW
26	Augmentation of Farm productivity through strengthening of extension tools at FIB – KE/RKVY–MRKT/2022/1466	Thiruvananthapuram	₹37.17000	ADFW
27	Management of crop loss due to Human Wildlife Conflict in Kerala KE/RKVY–AMEC/2023/1519	All districts except Alapuzha and Pathanamthitta	₹2,489.56943	ADFW
28	Management of crop loss due to Wildlife through conventional and innovative technologies	Idukki, Wayanad, Ernakulam, Thrissur, Kollam, Pathanamthitta	₹922.06000	ADFW

29	Project for expansion of millet cultivation in potential districts in Kerala KE/RKVY-AMEC/2023/1528	14 districts	₹346.69672	ADFW
30	Kerala Integrated Agriculture Data Hub & Digital Farmer Services Platform KE/RKVY-AMEC/2023/1521	Centralised	₹868.46300	ADFW
31	Improving dewatering facilities of Manjanakulam padasekaram under Thonnalloor KB,Pandalam,Pathanamthitta KE/RKVY- AMEC/2023/1518	Pathanamthitta	₹36.55918	ADFW
32	Infrastructure work at Vettakkal A padasekharam in Pattanakkad panchayat, Alappuzha district KE/RKVY- NRM/2022/1496	Alappuzha	₹9.86158	ADFW
33	Infrastructure work and supply, installation and commissioning of Axial Flow pumpset in Vettakkal B padasekharam in Pattanakkad panchayat, Alappuzha district KE/RKVY- NRM/2022/1496	Alappuzha	₹119.46180	ADFW
34	Strengthening the existing tissue culture laboratory at RRS Vytila	Ernakulam	₹25.00000	ADFW
35	A Comprehensive Development plan for Cashew progeny Orchard Adhur & Galimukha-Kasargode district.KE/RKVY- HORT/2024/1533	Kasargode	₹96.34494	ADFW
36	Comprehensive plan for the Development of State Seed Farm Alathur Palakkad district.KE/RKVY-HORT/2024/1532	Palakkad	₹247.57000	ADFW
37	Establishment of solar powered seed processing plant & seed godown	Palakkad	₹7.89520	ADFW
38	Quality improvement through process innovations at seed processing plant KE/RKVY-SEED/2022/1481	Palakkad	₹90.23221	ADFW
39	Carbon Neutral Athirapally KE/RKVY-MRKT/2022/1474	Thrissur	₹9.03762	ADFW

40	Infrastructure development of Kappalli and Nedukandy Padasekharam in Kozhikode district – KE/RKVY-NRM2018/1340	Kozhikode	₹37.77000	Soil Conservation
41	Project for the establishment of incubation centers and strengthening existing value addition unit Ernakulam & Kozhikode Districts.KE/RKVY-MRKT/2021/1456	Ernakulam & Kozhikode	₹145.86000	VFPCK
42	Farmer Knowledge Centre Anayara. -KE/RKVY-EXTN/2018/1330	Idukki	₹21.95000	VFPCK
43	Establishment of Tissue Culture Lab KE/RKVY-HORT/2019/1413	Ernakulam	₹125.00000	VFPCK
44	Quality improvement through process innovations at seed processing plant KE/RKVY-SEED/2022/1481	Palakkad	₹124.77000	vfpck
45	Project proposal on Krishi Business Kendra-Planting material Big Bazar,Pathanamthitta	Pathanamthitta	₹90.00000	VFPCK
46	An advanced centre for mass production of beneficial micro flora of sustainable agriculture KE/RKVY-SEED/2021/1446	Kozhikode	₹140.50000	IISR
47	An Advanced Centre for mass production of beneficial microflora for sustainable Agriculture KE/RKVY-SEED/2021/1461	Kozhikode	₹78.09669	IISR
48	Commercial production of arecanut tissue culture planting material of YLD resistant palm and dwarf hybrid KE/RKVY-CROP/2018/1347	Kasargode	₹20.28000	CPCRI
49	Establishment of advanced facilities for measuring physiological process KE/RKVY-HORT/2021/1451	Kasargod	₹54.17940	CPCRI
50	Strengthening the existing tissue culture lab at RARS Vytill A	Ernakulam	₹25.00000	KAU

51	Establishment of a Referral Laboratory for standardisation of Quality control of organic maures – KE/RKVY-AGRE/2019/1400	Thrissur	₹219.55000	KAU
52	Augmentation of natural enemies for the pest manangement in rice ecosystem of Malappuram KE/RKVY-IPMT/2021/1444	Malappuram	₹9.00000	KAU
53	Establishment of a seed gene bank and seed testing tab at CoA, Padanakkad focussing Northern Kerala districts KE/RKVY-SEED/2021/1446	Kasargide	₹105.00000	KAU
54	Strengthening secondary agriculture through establishment of fruit and vegetable processing cluster KE/RKVY-MRKT2022/1483	Kasargode	₹103.38188	KAU
55	Setting up a Comprehensive Jackfruit Processing Hub for Intensification of Sustainable Livelihood of Targeted Population" KE/RKVY-MRKT2022/1485	Thiruvananthapuram	₹39.74271	KAU
56	Strengthening of College of Climate Change and Environmental Science as a centre of Agro climatic research exploring the practical utility of Climate smart agriculture and Integrated farming KE/RKVY-NONF2022/1486	Thrissur	₹507.27000	KAU
57	Establishment of laboratory for mass production of biocontrol agents KE/RKVY-IPMT2022/1489	Thiruvananthapuram	₹13.64000	KAU
58	Setting up of an input production centre for multinutrient formulations and organic manure KE/RKVY-FINM/2022/1487	Palakkad	₹143.00000	KAU
59	Establishment of model cocoa processing unit	Thrissur	₹170.00000	KAU
60	Establishment of a Agrometeorological Observation Centre	Kasargode	₹132.00000	KAU
61	Strngthening of Agri busines Incubation centre	Thrissur	₹665.03000	kau

62	Comprihensive programe for the promotion of mushroom farming in Kerala KE/RKVY–HORT/2021/1439	14 districts	₹196.90000	SHM
63	Strengthening the supply chain of cool season vegetables in Kerala by Augmenting production and Adopting Good Agricultural practices. KE/RKVY–HORT/2021/1441	14 districts	₹292.00000	SHM
64	Strengthening of Value chain of Fruits and Vegetables by adopting Good Agricultural practices. KE/RKVY–HORT/2021/1440	14 districts	₹2,035.48000	SHM
65	Establishing decentralised nurseries for production of quality planting materials for horti culture crops on participatory approach KE/RKVY–HORT/2021/1438	14 districts	₹89.92000	SHM
66	Comprehensive programe for the promotion of mushroom village in Kerala KE/RKVY–HORT/2022/1479	14 districts	₹1,412.71260	SHM
67	Project proposal for popularisation of open precision farming KE/RKVY/HORT/2022/1480	14 districts	₹570.79950	SHM
68	Promotion of Vegetable Cultivation by Arka Vertical Garden Structure in Kerala KE/RKVY/HORT/2022/1477	14 districts	₹41.66000	SHM
69	Programme on Developing export–oriented cultivation practices of Banana for enhancing quality Production and export in Kerala KE/RKVY–HORT/2024/1537	14 districts	₹478.05660	SHM
70	Scheme for promoting establishment of fruit nutrition gardens in homesteads of Kerala. KE/RKVY–HORT/2024/1536	14 districts	₹285.06900	SHM

71	Project Proposal for supply and installation of 50 HP VAF and infrastructure for Aikyasamajam under Kuzhippally Gramapanchayat in Vyppin Assembly constituency KE/RKVY-AMEC/2023/1515	Alappuzha	₹200.00000	SHM
72	Establishment of Pineapple Leaf based Biodegradable Cutleries and plates unit at VAFPCL KE/RKVY-NONF/2021/1458	Ernakulam	₹189.40000	VAFPCL
73	Contruction of leading channels and axilliary streaches in pullarikol padavu KE/RKVY-IRRI/2019/1401	Thrissur	₹95.00000	KLDC
74	Infrastructural Development Work for Kunnathoor Ela – Kalluvathukkal Kollam – KE/RKVY-NRM/2017/1291	Kollam	₹22.60000	KLDC
75	Infrastructural Development Work for Puthenthodu South Kuzhuveli Thodu Padasekharam in Ezhikara Grama Panchayat in Ernakulam District. – KE/RKVY-NRM/2017/1298	Ernakulam	₹179.00000	KLDC
76	23) Construction of leading channel at Pullazhi Kole Padavu at Thrissur Corporation – KE/RKVY-IRRI/2019/1401	Thrissur	₹40.00000	KLDC
77	24) Infrastructural Development works of Thottungal Pediya padasekharam in Arakkuzha GP, Ernakulam Dt. – KE/RKVY-IRRI/2019/1402	Ernakulam	₹170.00000	KLDC
78	25) Improvement works of ittiyankandankari, Manadankari, charuvilakkari padasekharam in Vechoor – KE/RKVY-NRM/2019/1403	charuvilakkari padasekharam in Vechoor	₹203.99700	KLDC
79	26) Improvement works of various padasekharam in Neendoor GP, Aymanam, Arpookkara Pt. in Kottayam Dt. – KE/RKVY-NRM/2019-1409	Arpookkara Pt. in Kottayam Dt	₹512.42587	KLDC

80	27) Deepening and side protection work of Maverapuncha in Pathalam Municipality – KE/RKVY-NRM/2019/1404	Pathanamthitta	₹53.72000	KLDC
81	28) Infrastructural development works of various padasekharam in Bhoothakkula pt. – KE/RKVY-NRM/2019/1405	Kollam	₹179.48942	KLDC
82	29) Development works of Perincheri Mahavishnu temple pond, Kannur Dt. – KE/RKVY-NRM/2019/1406	Kannur	₹103.65000	KLDC
83	32) Fallow land mitigation project for Malumel puncha in Thodiyoor pt in Kollam dt. – KE/RKVY-NRM/2019/1410	Kollam	₹40.00000	KLDC
84	33) Renovation of puthenkulam and Kothakkulam in Erumappetty pt – KE/RKVY-NRM/2019/1411	Thrissur	₹82.99000	KLDC
85	16) Infrastructural Development works for Nattayam Padasekharam in Champakkulam Panchayat – KE/RKVY-NRM/2018/1357	Alappuzha	₹136.00000	KLDC
86	Infrastructure Development of Kattathukuzhy ela in Thazhava Panchayat in Kollam Dist. – KE/RKVY-NRM/2018/1350	Kollam	₹37.18004	KLDC
87	13) Infrastructural Development Works of Chakkulam Chelookkuzhy ela in West Kallada Panchayat – KE/RKVY-NRM/2018/1352	Kollam	₹60.71000	KLDC
88	14) Infrastructure Development of Karingalil Puncha, Alappuzha – KE/RKVY-NRM/2018/1355	Alappuzha	₹53.55000	KLDC
89	22) Improvements to the Mathamathoppu west Padasekharams in Thrissur Corporation – KE/RKVY-NRM/2018/1368	Thrissur	₹30.00000	KLDC
90	Infrastructure Development works of Pattadakkari Padasekharam in Vechoor Grama Panchayat of Kottayam district. – KE/RKVY-NRM/2017/1295	Kottayam	₹41.82000	KLDC

91	Improvements to Kanimangalam Padasekharam in Thrissur Corporation KE/RKVY-NRM/2018/1364	Thrissur	₹105.00000	KLDC
92	Development works at State Seed farm , Aluva in Ernakulam District KE/RKVY-CROP/2021/1457	Ernakulam	₹225.16000	KLDC
93	Side protection works Ekkattithodu between Plakkathara palam to Mudhuram palam in Annamanada pt. KE/RKVY-NRM/2019/1408	Thrissur	₹19.93247	KLDC
94	RKVY 2021-22 Infrastructural Development works of various padashekharams in Pallipad Panchayath in Alappuzha District KE/RKVY-NRM/2021/1450	Alappuzha	₹361.82777	KLDC
95	Infrastructural development works of Komankulangara Padashekaram in Venmoney Panchayat in Alappuzha Dt. KE/RKVY-NRM/2022/1498	Alappuzha	₹180.89580	KLDC
96	Infrastructural Development Works of Nedungottukonam chira Edamulackal Panchayat Kollam KE/RKVY-NRM/2017/1290	kollan	₹18.38152	KLDC
97	Renovation of Pallichira in Vilakkudy Panchayat in Kollam Dist. KE/RKVY-NRM/2018/1351	Kollam	₹50.01815	KLDC
98	Purakkad Karinila Vikasana Agency Infrastructural Development Works for Malayil thodu thekku in Purakkad Panchayat, Alappuzha KE/RKVY-NRM/2017/1293	Alappuzha	₹0.52400	KLDC
99	Infrastructural development works of Vatharakulam in Kanjikuzhi panchayat ,Alappuzha KE/RKVY-NRM/2018/1356	Alapuzha	₹3.70000	KLDC

100	mprovement works of Koyithuruth Thottupuram and Valiyavirippukala Padasekharam in Neenddor and Venchoor Panchayat ,Kottayam KE/RKVY-NRM/2018/1361	kottayam	₹56.91000	kldc
101	Improvements to Karukulam pond in Puthur in Thrisur KE/RKVY-NRM/2017/1304	Thrissur	₹4.68000	KLDC
102	Deepening and side protection works for Maverapuncha in Pandalam Municipality Pandalam Thekkekara and Thumpamon Panchayat in Pathanamthitta District	Pathanamthitta	₹71.48000	KLDC
103	Renovation of Muttathumoola Chira in Kadampanadu Panchayat in Pathanamthitta KE/RKVY-NRM/2017/1292	Pathanamthitta	₹82.00000	KLDC
104	Infrastructural Development works for Kadakkara Ambathodu Padasekharam in Ezhikkara Panchayat ,Ernakulam KE/RKVY-NRM/2018/1365	Ernakulam	₹6.23200	KLDC
105	Stream bank protection for Mavilayi Valiyathodu in Peralasseri Panchayat in Kannur to Control Saline Water Intrusion KE/RKVY-NRM/2017/1315	kannur	₹21.00000	KLDC
106	Infrastructural Development works for Pazhamchira Ela in Chirayinkeezhu Panchayath in Thiruvananthapuram District	Thiruvananthapuram	₹23.00000	KLDC
107	The prodution of cashew applie juice and cashew apple carbonated drink in Kasargod Eestate. KE/RKVY-HORT/2020/1430	Kasargod	₹102.60000	PCK
109	Modernisation of manufacturing facilities of KAMCO. KE/RKVY-AMEC/2018/1384	Idukki	₹750.00000	KAMCO
110	Modernization of Manufacturing facilities at KAMCO,Palakkad KE/RKVY-AMEC/2022/1493	Palakkad	₹91.20000	KAMCO

111	Setting up of Agricultural related accessories/implements manufacturing facility at Palakkad KE/RKVY-NONF/2022/1491	Palakkad	₹84.40124	kaico
112	Sustainable Cashew Cultivation in Kerala.KE/RKVY/HORT/2020/1432	Idukki	₹168.00000	KSACC
113	Project proposal for value addition for milma products at Thiruvananthapuram Dairy KE/RKVY/BDEV/2021/1453	Thiruvananthapuram	₹161.17380	MILMA
114	Modernisation of net factory at Ernakulam & Kannur	Ernakulam & Kannur	₹14.00000	Malsya Fed
115	Ecological Utilization Water Hyacinth Eichorniacrassipes in Kuttanad, Kerala KE/RKVY/NRM/2022/1499	Alappuzha	₹74.51878	IRTCBSF
116	Modernization and Diversification of Kerala Agro Fruit products Punalur	Kollam	₹35.80184	KAICO
			₹24,021.75000	

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ കപ്പള്ളി-നെടുങ്കണ്ടി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതിയിൽ മുൻ വർഷം നടപ്പിലാക്കിയ 37.77 ലക്ഷം രൂപയുടെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള തുക 2021-22 സാമ്പത്തിക വർഷം മാറി നൽകിയിരുന്നു. കൂടാതെ ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ശീതകാല പഴം/പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനം ജലലഭ്യത ഉറപ്പാക്കുക, ഉത്പാദനം വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ വഴി ആർ.കെ.വി.വൈ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയിൽ 29.09526 ലക്ഷം രൂപയ്ക്കുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലാ കൃഷി ഓഫീസർ മുഖേന 2026 ഏപ്രിൽ മാസം ലഭ്യമായ 5.76346 ലക്ഷം രൂപയിൽ 4.68746 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പ് സോയിൽ ഹെൽത്ത് കാർഡ് വിതരണം നടത്തിയിരുന്നു. ആർ.കെ.വി.വൈ സോയിൽ ഹെൽത്ത് ആൻഡ് ഫെർട്ടിലിറ്റി കമ്പോണന്റിൽ നോഡൽ വകുപ്പായ കൃഷി വകുപ്പ് മുഖേന അനുവദിച്ച തുക വിനിയോഗിച്ചാണ് സോയിൽ ഹെൽത്ത് കാർഡ് വിതരണം നടത്തിയത്.

ആർ.കെ.വി.വൈ സോയിൽ ഹെൽത്ത് ആൻഡ് ഫെർട്ടിലിറ്റി കമ്പോണൻ്റിൽ അനുവദിച്ച തുക ചെലവഴിച്ചതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

ജില്ല	2024–25	2025–26
തിരുവനന്തപുരം	₹6,94,460.00	₹4,08,720.00
കൊല്ലം	₹1,49,800.00	₹35,000.00
ആലപ്പുഴ	₹5,37,080.00	₹24,91,161.00
പത്തനംതിട്ട	₹5,46,290.00	₹2,82,400.00
കോട്ടയം	₹1,49,870.00	₹35,000.00
ഇടുക്കി	₹1,49,870.00	₹35,000.00
എറണാകുളം	₹1,49,870.00	₹35,000.00
തൃശ്ശൂർ	₹8,42,791.00	₹2,64,388.00
പാലക്കാട്	₹1,49,870.00	₹35,000.00
മലപ്പുറം	₹1,83,750.00	₹35,000.00
കോഴിക്കോട്	₹6,31,833.00	₹2,65,000.00
വയനാട്	₹7,02,137.00	₹2,65,000.00
കണ്ണൂർ	₹1,49,870.00	₹35,000.00
കാസർഗോഡ്	₹4,80,980.00	₹1,49,985.80

സെക്ഷൻ ഓഫീസർ